# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 486 | 12.06.2012-ലെ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. പി. സജീന്ദ്രൻ<br>,, എം.എ. വാഹീദ് | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) | സഹകരണ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. ഇപ്രകാരം സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണത്തിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി ട്രോഫി നൽകാറുണ്ട്. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിക്ഷേപ സമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനുമായി കേരള സർക്കാർ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസുള്ള അർബൻ സഹകരണ ബാങ്കുകൾ എന്നിവയിൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീം നിലവിലുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ |

| | | | |
|---|---|---|---|
| | | | പരിധിയിൽ വരാത്ത പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സർക്കാരിന്റെ 11.1.2012 ലെ ജി.ഒ.(പി) 3/2012/സഹ നമ്പർ ഉത്തരവ് പ്രകാരം നിക്ഷേപ ഗ്യാരന്റി സ്കീം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്ക്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ പദ്ധതി രൂപീകരിച്ചിരുന്നു. ആയതു പ്രകാരം സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിൽ ഈ സ്കീം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിക്കാൻ വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ